**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1423** **08-12-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക/കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ 255 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്<br><br>സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, ക്ലർക്ക് ടൈപ്പിസ്റ്റ്, ലാസ്കർ, കിച്ചൺമേട്ടി, ഗാർഡ്നർ, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, കുക്ക്, അക്കൗണ്ടന്റ് ട്രെയിനി, ഡെമോൺസ്ട്രേറ്റർ, ലാബ് അസിസ്റ്റന്റ്, ക്ലാർക്ക്, പ്യൂൺ, ക്ലീനർ, ഡ്രൈവർ, ഇലക്ട്രീ ഷ്യൻ, അറ്റൻഡർ, വാച്ച്മാൻ, ഹൗസ് കീപ്പിംഗ് സ്റ്റാഫ്, ടീച്ചർ, എഡിറ്റർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഗസ്റ്റ് ഫാക്കൽറ്റി, അക്കാദമിക് അസിസ്റ്റന്റ്, മേട്രൺ, വിജിലൻസ് & സെക്യൂരിറ്റി ഓഫീസർ, കൺസൽറ്റന്റ് റിസപ്ഷനിസ്റ്റ്, പ്രിൻസിപ്പൽ, അസിസ്റ്റന്റ് ലക്ചറർ, ലൈബ്രേറിയൻ, ഇൻസ്ട്രക്ടർ തുടങ്ങിയ തസ്തികകളിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.<br><br>ഇപ്രകാരം നിയമിച്ച ജീവനക്കാർക്ക് 2022 ഒക്ടോബർ മാസത്തിൽ 40,60,385/- രൂപ (നാൽപ്പതു ലക്ഷത്തി അറുപതിനായിരത്തി മുന്നൂറ്റി എൺപത്തിയഞ്ചു രൂപ) വേതനമായി നൽകിയിട്ടുണ്ട് . |
| (ബി) | പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താൽക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകാമോ? | (ബി) | എംപ്ലോയ്മെന്റ് മുഖേന 12 നിയമനങ്ങളാണ് നടത്തിയത്. കുടുംബശ്രീ, കേരള എക്സ് സർവീസ് മെൻ ഡെവലപ്മെന്റ് & റീഹാബിലേഷൻ കോർപ്പറേഷൻ, തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയാണ് ഇത്തരം നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ